# മണ്ണാങ്കട്ടയും കരിയിലയും

മണ്ണാങ്കട്ടയും കരിയിലയും ചങ്ങാതിമാരാണ്.
ഒരിക്കൽ അവർ ഒരു യാത്ര പുറപ്പെട്ടു.
പെട്ടെന്ന് വലിയ കാറ്റു വീശി.
കരിയില കാറ്റിൽ പാറിപ്പോകില്ലേ?
എന്തു ചെയ്യും?
മണ്ണാങ്കട്ട കരിയിലയുടെ മുകളിൽ
കയറിയിരുന്നു.
കാറ്റു നിന്നു.





അവർ യാത്ര തുടർന്നു.
കാർമേഘമെത്തി.
മഴ വന്നു.
മണ്ണാങ്കട്ട നനഞ്ഞു കുതിർന്നു പോകില്ലേ?
എന്തു ചെയ്യും?
കരിയില മണ്ണാങ്കട്ടയുടെ മുകളിൽ
കയറിയിരുന്നു.
അവർ യാത്ര തുടർന്നു.
കാറ്റും മഴയും ഒന്നിച്ചു വന്നു.
അപ്പോഴോ ?
പാവം! കരിയില കാറ്റത്ത് പാറിപ്പോയി.
പാവം! മണ്ണാങ്കട്ട നനഞ്ഞു കുതിർന്നു പോയി.